പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*258 — 12.03.2018-ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബജറ്റിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.പി.കെ. ശശി<br>,, പുരുഷൻ കടലുണ്ടി | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബജറ്റിംഗ് നടപ്പിലാക്കി വരുന്നുണ്ടോ; | (എ) പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബജറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) സർക്കാർ ഓഫീസുകളിൽ സ്ത്രീസൗഹൃദ-പരമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം പ്രവൃത്തി-കളാണ് ഈ പദ്ധതിയിൽ ഉൾപ്പെടു-ത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) സർക്കാർ ഓഫീസുകളിൽ സ്ത്രീകൾക്കാ-യുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി, ജില്ല, താലൂക്ക്, വില്ലേജ് ഓഫീസുകളിൽ സ്ത്രീകൾക്കുള്ള ടോയിലറ്റ്, വിശ്രമ മുറി, കാത്തിരിപ്പ് കേന്ദ്രങ്ങൾ തുടങ്ങിയവയാണ് പൊതുമ-രാമത്ത് വകുപ്പ് നടപ്പിലാക്കി വരുന്നത്. |
| (സി) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീ-യർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും സ്ത്രീസൗഹൃദപരമായ നിർമ്മാണം സംബന്ധിച്ച് പരിശീലനം നൽകി-യിട്ടുണ്ടോ; | (സി) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീ-യർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും സ്ത്രീ സൗഹൃദപരമായ നിർമ്മാണം സംബ-ന്ധിച്ച് പരിശീലനം നൽകിയിട്ടില്ല. ആവശ്യം പരിഗണിക്കുന്നതാണ്. |
| (ഡി) പദ്ധതിയുടെ ഭാഗമായി ഭിന്നശേഷി-ക്കാർക്കായി പബ്ലിക് ഓഫീസുകളിൽ റാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാ-നുമതി നൽകിയിട്ടുണ്ടോ; | (ഡി) എല്ലാ കെട്ടിടങ്ങളിലും റാമ്പുകൾ ഉൾപ്പെടെയുള്ള ഡിസൈൻ അനുസരി-ച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. റാമ്പ് നിർമ്മാണത്തിന് മാത്രമായി ജൻഡർ ബജറ്റിംഗിൽ തുക അനുവദിച്ചിട്ടില്ല. ഒരു പ്രവൃത്തിയുടെ ഭരണാനുമതിയിൽ റാമ്പ് നിർമ്മാണ-ത്തിനുള്ള തുകയും ഉൾക്കൊള്ളിച്ച്-കൊണ്ടാണ് പ്രവൃത്തി നടത്തി വരുന്നത്. |
| (ഇ) പ്രസ്തുത പദ്ധതിയ്ക്കായി നടപ്പുസാമ്പത്തിക വർഷം ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയി-ക്കാമോ? | (ഇ) ജൻഡർ ബജറ്റിംഗിനു വേണ്ടി 300 ലക്ഷം രൂപയാണ് നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ